# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 799** — **11.03.2015- ൽ മറുപടി.**

## പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ

**ചോദ്യം**

ശ്രീ.മോൻസ് ജോസഫ്
ശ്രീ.തോമസ് ഉണ്ണിയാടൻ
ശ്രീ.സി.എഫ്.തോമസ്
ശ്രീ.റ്റി.യു.കുരുവിള

**ഉത്തരം**

ശ്രീ. വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി ആരംഭിക്കുന്ന സർക്കാർ മെഡിക്കൽ കോളേജിന്റെ പുരോഗതി വ്യക്തമാക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർക്കാർ മേഖലയിൽ ആറ് മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാനുള്ള ശ്രമങ്ങളാണ് നടന്നുവരുന്നത്. ഇവയിൽ മഞ്ചേരി, ഇടുക്കി മെഡിക്കൽ കോളേജുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ 2015-16 അദ്ധ്യയന വർഷം അഡ്മിഷൻ ആരംഭിക്കുന്നതിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽ നിന്നും അംഗീകാരം നേടുന്നതിനായി 108 അദ്ധ്യാപക അദ്ധ്യാപകേതര തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം ജനറൽ ആശുപത്രി വനിതകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവ സംയോജിപ്പിച്ച് കൊണ്ട് ആരംഭിക്കുന്ന പുതിയ മെഡിക്കൽ കോളേജിനായി നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. കൂടാതെ 2015-16 അദ്ധ്യയനവർഷം 100 കുട്ടികൾക്ക് മെഡിക്കൽ വിദ്യാഭ്യാസം നൽകുന്നതിന്റെ ഭാഗമായി 108 അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. കാസർകോട് ജില്ലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി 60 ഏക്കർ ഭൂമി ലഭ്യമാക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റുമുള്ള തുടർ നടപടി സ്വീകരിച്ചുവരികയുമാണ്.

വയനാട് ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആശുപത്രിയുടെയും കോളേജിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതോടുകൂടി ഈ വർഷം തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതു കൂടാതെ ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് ഒരു പുതിയ മെഡിക്കൽ കോളേജ് കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

(ബി) ഇവയുടെ നിലവാരം ഉയർത്തുന്നതിനും മരുന്നും മറ്റു സൗകര്യങ്ങളും സുലഭമായി നൽകുന്നതിനും എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

(ബി) പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജുകൾ എല്ലാം തന്നെ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിഷ്ക്കർഷിച്ചിട്ടുള്ള ഉയർന്ന നിലവാരം ഉറപ്പ് വരുത്തുന്നതിന് അനുസൃതമായിട്ടാണ് നടപ്പിലാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ